**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 36** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>നോർക്ക - ഹെല്പ് ഡെസ്ക്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പാറക്കൽ അബ്ദുല്ല ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** പശ്ചിമേഷ്യയിൽ നിലനിൽക്കുന്ന യുദ്ധപ്രതിസന്ധിയിൽ പ്രയാസമനുഭവിക്കുന്ന പ്രവാസികളെ സഹായിക്കുന്നതിന് നോർക്ക എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇതിനായി ഹെൽപ്പ് ഡെസ്ക് ആരംഭിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** പശ്ചിമേഷ്യൻ യുദ്ധപ്രതിസന്ധിയിൽ പ്രയാസമനുഭവിക്കുന്ന പ്രവാസി മലയാളികളെ സഹായിക്കുന്നതിനായി നോർക്ക റൂട്ട്സ് വിപുലമായ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്. ഇറാൻ അമേരിക്ക സംഘർഷത്തെ തുടർന്ന് പശ്ചിമേഷ്യൻ രാജ്യങ്ങളിൽ ഉടലെടുത്ത യുദ്ധ പ്രതിസന്ധി കണക്കിലെടുത്ത് ജിസിസി രാജ്യങ്ങളിലെ പ്രവാസി മലയാളികൾ സർക്കാരുമായി നേരിട്ട് ബന്ധപെടുന്നതിന് സംസ്ഥാനത്ത് 24 x 7 പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ നമ്പർ ആരംഭിക്കുകയും, കൂടാതെ 6 ജിസിസി രാജ്യങ്ങളിൽ നോർക്ക ഹെൽപ്പ് ഡെസ്കുകൾ ആരംഭിക്കുകയും ചെയ്തിരുന്നു.

**(ബി)** എങ്കിൽ അതിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

**<u>മറുപടി:</u>** പ്രവാസികൾക്കും നാട്ടിലുള്ള അവരുടെ കുടുംബാംഗങ്ങൾക്കും ആശങ്കകളും പരാതികളും അറിയിക്കാൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന (24x7) അടിയന്തര ഹെൽപ്പ് ലൈൻ സംവിധാനം സജ്ജമാക്കിയിട്ടുണ്ട്. ഈ കൺട്രോൾ റൂം വഴി ജി.സി.സി രാജ്യങ്ങൾ പുറപ്പെടുവിക്കുന്ന സുരക്ഷാ മുന്നറിയിപ്പുകളും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിർദ്ദേശങ്ങളും കൃത്യമായി പ്രവാസികളിലേക്ക് എത്തിക്കുന്നു. കൂടാതെ, ലഭിക്കുന്ന പരാതികൾ അടിയന്തര പരിഹാരത്തിനായി നോർക്ക നേരിട്ട് ഇന്ത്യൻ എംബസികൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

കേന്ദ്ര സംവിധാനങ്ങൾക്ക് പുറമേ, ഗൾഫ് മേഖലയിൽ നേരിട്ട് സഹായം എത്തിക്കുന്നതിനായി 6 ജി.സി.സി രാജ്യങ്ങളിലും നോർക്കയുടെ പ്രത്യേക ഹെൽപ്പ് ഡെസ്കുകൾ നിലവിൽ സജീവമാണ്. അതത് രാജ്യങ്ങളിലെ ലോക കേരള സഭ പ്രതിനിധികളെയും വിവിധ പ്രവാസി സംഘടനകളെയും കോർത്തിണക്കിയാണ് ഈ ഡെസ്കുകൾ പ്രവർത്തിക്കുന്നത്. ഹെൽപ്പ് ലൈനിലൂടെയും അല്ലാതെയും നോർക്കയ്ക്ക് ലഭിക്കുന്ന പരാതികൾ തത്സമയം ഈ ഹെൽപ്പ് ഡെസ്കുകളിലേക്ക് കൈമാറുകയും, അവർ ദുരിതബാധിതരായ പ്രവാസികളെ നേരിട്ട് ബന്ധപ്പെട്ട് അടിയന്തര സഹായങ്ങളും പ്രശ്നപരിഹാരവും ഉറപ്പാക്കുകയും ചെയ്തിരുന്നു . നോർക്ക ആസ്ഥാനവും പ്രവാസി കൂട്ടായ്മകളും തമ്മിൽ മികച്ച രീതിയിൽ ഏകോപിപ്പിച്ചുകൊണ്ടാണ് പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നത്.

**സെക്ഷൻ ഓഫീസർ**